# മതന്യൂനപക്ഷങ്ങളുടെ ആശങ്ക അകറ്റണം, ഇടത്തരക്കാരുടെ പ്രശ്നങ്ങൾ പരിഗണിക്കണം

2010-12-01



മതന്യൂനപക്ഷങ്ങളുടെ സംരക്ഷകരാണ് ഇടതുപക്ഷം. ഇതാണ് വസ്തുത. എങ്കിലും അവർക്ക് ഒരുപാടു സംശയങ്ങളും ഭയവുമുണ്ട്. ഭൗതിക വാദികളായ ഇടതുപക്ഷം, മതന്യൂനപക്ഷങ്ങളുടെ വിശ്വാസ സ്വാതന്ത്ര്യത്തെയും പ്രാർഥനാവകാശങ്ങളെയും ഹനിക്കും എന്നാണവരുടെ ഉത്ക്കണ്ഠ. ഈ ആശങ്ക ഇല്ലാതാക്കുവാൻ ക്ഷമയോടെ മാന്യമായി ഉന്നത നിലവാരം പുലർത്തികൊണ്ടുള്ള കേരളം ശ്രദ്ധിച്ച സംവാദങ്ങൾ നടത്തിയ മഹത്തായ ഒരു പാരമ്പര്യം കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുണ്ട്. അതു മതന്യൂനപക്ഷത്തെ നന്നായി സ്വാധീനിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ മതന്യൂനപക്ഷത്തിന്റെ മറവിൽ നിക്ഷിപ്ത താൽപര്യങ്ങളെ സംരക്ഷിക്കാൻ ശ്രമിക്കുന്നതിനെയും മതം രാഷ്ട്രീയത്തിൽ ഇടപെടുന്നതിനെയും ഉറച്ചു നിന്നെതിർക്കേണ്ടതുമാണ്. പക്ഷേ ഇതൊക്കെ ചെയ്യുമ്പോൾ നാമുപയോഗിക്കുന്ന വാക്കുകളും നമ്മുടെ പ്രവൃത്തികളും ഒക്കെ തികച്ചും മാന്യമായിരിക്കണം.

പൊതുജീവിതത്തിൽ നാം വിനയാന്വിതരായിരിക്കണം. നമ്മുടെ പ്രവൃത്തികൾ സംശയത്തിനതീതമായിരിക്കണം. നമ്മുടെ ജീവിതം അഴിമതിയുടെ കറപുരളാത്തതായിരിക്കണം. നമ്മൾ സംസ്കാരത്തിനും മാന്യതയ്ക്കും നിരക്കാത്തതൊന്നും പൊതുജീവിതത്തിൽ ചെയ്യരുത്. അതു ജനങ്ങൾ അംഗീകരിക്കുകില്ല. അവർ നമ്മളിൽ നിന്നകന്നു പോവുകയും ചെയ്യും.

സാധാരണക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ എൽ ഡി എഫ് ഗവണ്മെന്റ് ചെയ്ത പ്രവൃത്തികൾ ശ്ലാഘനീയമാണ്. എന്നാൽ കേരളം വലിയൊരു മിഡിൽ ക്ലാസ് ജനവിഭാഗത്തിന്റെ നാടാണ് എന്നു നാം വിസ്മരിക്കരുത്. ഉദ്യോഗസ്ഥർ, ചെറിയ വ്യവസായികൾ, കച്ചവടക്കാർ, അധ്യാപകർ, ഡോക്ടർമാർ, എന്ജിനീയർമാർ, കോളജധ്യാപകർ, അഭിഭാഷകർ, സാഹിത്യകാരന്മാർ, സാംസ്കാരിക പ്രവർത്തകർ, ബുദ്ധിജീവികൾ, പത്രപ്രവർത്തകർ തുടങ്ങി ഒരുപാടു വിഭാഗങ്ങൾ ഇതിൽപെടുന്നു. അവരുടെ പ്രശ്നങ്ങൾ പാവങ്ങളുടെ പ്രശ്നങ്ങളല്ല, വ്യത്യസ്തമാണ്. അവരുടെ പ്രശ്നങ്ങൾ അനുഭാവപൂർവമായ പരിഗണനയർഹിക്കുന്നു എന്ന കാര്യം വിസ്മരിച്ചുകൂട.

നല്ല റോഡ്, വിദ്യാഭ്യാസ സൗകര്യങ്ങൾ, മെച്ചപ്പെട്ട ആരോഗ്യ സംവിധാനങ്ങൾ, സ്പോർട്സ് സൗകര്യങ്ങൾ, റിക്രിയേഷന് സൗകര്യങ്ങൾ, നല്ല നടപ്പാതകളും പാർക്കുകളും, വിനോദസഞ്ചാര സൗകര്യം തുടങ്ങി നിരവധി കാര്യങ്ങൾ അവരുടെ പ്രശ്നങ്ങളാണ്. മനപൂർവ്വമല്ലെങ്കിലും ഈ പ്രശ്നങ്ങൾക്കർഹമായ പ്രാധാന്യം നൽകി അവരുടെ പ്രതീക്ഷയ്ക്കൊത്തുയരാൻ എൽ ഡി എഫിനു കഴിഞ്ഞുവോ എന്ന് ഗൗരവമായി പരിശോധിക്കേണ്ട തുണ്ട്. ഈ പോരായ്മ നികത്തണം. ഇടത്തരക്കാരുടെ സമൂഹം പൊതുവേ നമ്മുടെ ബന്ധുക്കളാണ് എന്ന തിരിച്ചറിവും നമുണ്ടുക്കാവണം.

''ആരു ഭരിച്ചാലെന്ത്? എല്ലാമൊരുപോലെ!'' ഈ വർത്തമാനം ഇന്നും ഒരുപാടാളുകൾ പറയുന്ന വർത്തമാനമാണ്.

പകലും രാത്രിയും പോലുള്ള വ്യത്യാസമുണ്ട് എൽ ഡി എഫും യു ഡി എഫും തമ്മിൽ. എന്നാൽ ഈ വ്യത്യാസം എൽ ഡി എഫിന്റെ നയത്തിന്റെയും പ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിൽ. ഏറ്റവും താഴെ ത്തട്ടിൽ വരെയുള്ള ജനങ്ങളോടു വിശദീകരിച്ചു കൊടുക്കുന്ന ഒരു തുടർച്ചയായ ക്യാമ്പയിന് നടത്തുന്നതിൽ എൽ ഡി എഫ് വേണ്ടത്ര വിജയിച്ചില്ല.

എൽ ഡി എഫിന് വോട്ടു ചെയ്യുകയും പിന്തുണ നൽകുകയും ചെയ്ത ജനങ്ങൾ പ്രതീക്ഷിക്കുന്നത്, ഒന്നിച്ച് ഭഇം നേട്ടങ്ങളെക്കുറിച്ചും അതിന്റെ രാഷ്ട്രീയത്തെക്കുറിച്ചും എൽ ഡി എഫ് ജനങ്ങളെ സമീപിക്കുമെന്നാണ്. അവരുടെ എല്ലാ തലങ്ങളിലുമുള്ള പ്രശ്നങ്ങൾ ഒരുമിച്ച് എൽ ഡി എഫ് കൈകാര്യം ചെയ്യുമെന്നാണ്. ഈ പ്രതീക്ഷിയ്ക്കൊത്തുയർന്ന് പ്രവർത്തിക്കാന് എൽ ഡി എഫിന് കഴിഞ്ഞില്ല. ഈ വീഴ്ചയ്ക്കു പരിഹാരം കണ്ടേതീരൂ.

എൽ ഡി എഫ് കേവലം ഒരു തിരഞ്ഞെടുപ്പ് സഖ്യമല്ല. അത് വരാനിരിക്കുന്ന രാഷ്ട്രീയ ബദലിനുവേണ്ടി സമരം ചെയ്യുന്ന പ്രസ്ഥാനമാണ്. ഈ ബോധം ജനങ്ങളിലുണ്ടാക്കാൻ സാധിച്ചില്ല എന്നത് വലിയ പോരായ്മയാണ്. എൽ ഡി എഫിന്റെ നിരന്തരമായ പ്രവർത്തനം ഗ്രാമങ്ങളരെ എത്തണം. എൽ ഡി എഫിന്റെ രാഷ്ട്രീയം, സർക്കാർ എടുക്കുന്ന ജനക്ഷേമ പരിപാടികളുടെ അർഥവും അതിന്റെ രാഷ്ട്രീയവും ഒക്കെ നിരന്തരം ജനങ്ങളെ അറിയിക്കാൻ, അവരുമായി സംവദിക്കുവാൻ ഇനിയെങ്കിലും എൽ ഡി എഫിന് കഴിഞ്ഞാലേ എൽ ഡി എഫിന്റെ പിന്തുണയെ അർഥവത്തായി രാഷ്ട്രീയവൽക്കരിക്കുവാൻ കഴിയുകയുള്ളൂ. അതു പ്രധാനപ്പെട്ട ഒരു രാഷ്ട്രീയ ചുമതലയും ഉത്തരവാദിത്വവുമാണ്.

ഇവയൊക്കെ മനസ്സിലാക്കി, ഒറ്റക്കെട്ടായി ഒരുമിച്ച് എൽ ഡി എഫ് നഗരങ്ങളിലും പട്ടണങ്ങളിലും ഗ്രാമങ്ങളിലും ഒരുമിച്ചുനിന്ന് ജനങ്ങളെ സമീപിച്ചാൽ, കഴിഞ്ഞ തിരഞ്ഞെടുപ്പുകളിൽ നമ്മിൽ നിന്നകന്നുപോയ ജനലക്ഷങ്ങൾ ആവേശത്തോടെ തിരിച്ചുവരും, എൽ ഡി എഫിനെ ശക്തിപ്പെടുത്തുകയും ചെയ്യും.